# 'രക്ഷകന്റെ സ്നേഹം'

## മത്തായി 9:36

''അവൻ പുരുഷാരത്തെ ഇടയനില്ലാത്ത ആടുകളെപ്പോലെ കുഴഞ്ഞവരും ചിന്നിയവരുമായി കണ്ടിട്ടു അവരെക്കുറിച്ചു മനസ്സലിഞ്ഞു.''

യേശുകർത്താവ് പരസ്യശുശ്രൂഷ ചെയ്തുകൊണ്ട് നാടെങ്ങും സഞ്ചരിക്കുന്നതായ സമയം. യരുശലേമിലും, യോർദ്ദാനിനും, ഗലീലയിലും അങ്ങനെ എല്ലായിടവും കർത്താവിന്റെ ശ്രുതി പടർന്നു. അനേകരുടെ രോഗങ്ങൾ സൗഖ്യമായി. ഭൂതഗ്രസ്തർ ഓടിപ്പോയി. ബന്ധനങ്ങൾ അഴിക്കപ്പെട്ടു. മരിച്ചവർ ഉയിർത്തെഴുന്നേറ്റു. യേശു ആരെന്ന് അവർ കണ്ടറിഞ്ഞു. അനുഭവിച്ചു. എന്നാൽ അതിന്റെ മധ്യത്തിലും കർത്താവിനെ തിരിച്ചറിയാൻ കഴിയാതെ പോയ ഒരു കൂട്ടം. തന്റെ ഇടയൻ ആരെന്ന് അറിയാതെ ലോകത്തിൽ നീങ്ങിക്കൊണ്ടിരുന്നതായ ജനക്കൂട്ടത്തെ കണ്ട് കർത്താവ് പറയുന്ന വാക്കുകളാണല്ലോ കുറിവാക്യമായി നാം കണ്ടത്.

അതേ, നശിച്ചുകൊണ്ടിരിക്കുന്ന ജനത്തെപ്പറ്റി ഭാരപ്പെടുന്ന ഹൃദയം. മനസ്സലിവുള്ള ഒരു പിതാവിന്റെ സ്നേഹമാണ് നാം കാണുന്നത്. ഇന്നും യേശു രക്ഷിക്കാൻ മതിയായവനായി നമ്മോടു കൂടെയുണ്ട്. എന്നാൽ അവനെ തിരിച്ചറിയാനോ, അനുഭവിക്കാനോ കഴിയാതെ ജനം പാപത്താൽ നശിച്ചുകൊണ്ടിരിക്കുന്നു.

കർത്താവിന്റെ ഈ മനസ്സലിവു മാത്രമാണ് നമ്മെ രക്ഷിച്ചത്. അവന്റെ കൃപ ഒന്നു മാത്രം. ഒരു ആടിന് തന്റെ ഇടയൻ ആരെന്ന് അറിയില്ലെങ്കിൽ അതിന്റെ മുന്നോട്ടുള്ള യാത്ര ദുഃസ്സഹകരം. കുഴിയിൽ വീണേക്കാം. കൂരിരുട്ടിൽ അകപ്പെടാം. ശത്രുജീവികളുടെ ആക്രമണം ഉണ്ടാകാം.

തന്റെ ഉടയവൻ അഥവാ സൃഷ്ടാവ് ആരെന്ന് മനസ്സിലാക്കാതെ ഇന്നു ജീവിക്കുന്നവന്റെ അവസ്ഥയാണ് കർത്താവ് ഇവിടെ കാണിക്കുന്നത്. ''കുഴഞ്ഞവരും ചിന്നിയവരുമായി തീരും''. എത്ര വലിയ രക്ഷ ആണ് യേശു നമുക്ക് ഒരുക്കിയത്. ഒരു ഇടയനായി നമ്മെ തേടിവന്ന സ്നേഹം. തള്ളയാടുകളെ പതുക്കെ നടത്തിയും, കുഞ്ഞാടുകളെ മാർവ്വിൽ എടുത്തുംകൊണ്ട് നയിക്കുന്ന ദൈവകൃപ എത്ര വലുതാകുന്നു.

ഇടയനില്ലാതെ ഇന്ന് അലയുന്ന ആടുകളെ ഓർത്ത് നമ്മുടെ മനസ്സൊന്ന് അലിയണം. നഷ്ടപ്പെട്ടു പോകുന്ന ജീവിതങ്ങളെ ഓർത്ത് ഹൃദയഭാരം ഉണ്ടാകണം. അവരുടെ രക്ഷയ്ക്കായി ഇടുവിൽ നിൽക്കാൻ ഇടയാകണം. ഉടയവനിലേക്ക് മടക്കി കൊണ്ടുവരാൻ ഒരുപക്ഷേ നമ്മുടെ ഒരു പ്രാർത്ഥനയാകും വിലപ്പെട്ടതായി സ്വർഗ്ഗം കാണുന്നത്. നല്ല ഇട

യന്റെ കൈകളിലുള്ള സുരക്ഷിതത്വം. അതിന്റെ സുരക്ഷിതത്വം അനേകർ തിരിച്ചറിയാനും, അവരും ഈ രക്ഷാവലയത്തിൽ എത്തിച്ചേരാനും നമുക്ക് പ്രാർത്ഥിക്കാം. കർത്താവ് സഹായിക്കട്ടെ, ശക്തീകരിക്കട്ടെ.

പരാമർശം :
യെശയ്യാവ് 43:3

‘നിന്റെ ദൈവവും യിസ്രായേലിന്റെ പരിശുദ്ധനുമായ യഹോവ എന്ന ഞാൻ നിന്റെ രക്ഷകൻ; നിന്റെ മറുവിലയായി ഞാൻ മിസ്രയീമിനെയും നിനക്കു പകരമായി കൂശിനെയും സെബയെയും കൊടുത്തിരിക്കുന്നു.’

സിസ്റ്റർ ബിന്ദു റെജി അയ്മനം 069